**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3516** **26-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോർപ്പറേഷനിലെ പൈതൃക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് കോർപ്പറേഷന്റെ പഴയകെട്ടിടം പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കോഴിക്കോട് കോർപ്പറേഷന്റെ പഴയകെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സ്ഥാപനങ്ങളും, സൂക്ഷിച്ചിരുന്ന ഫയലുകളും മാറ്റാത്തതിനാൽ തടസ്സപ്പെട്ടിരുന്ന പ്രവൃത്തി, നിലവിൽ കോർപ്പറേഷൻ പ്രസ്തുത തടസ്സം മാറ്റിനൽകിയതിനാൽ, സമഗ്രസംരക്ഷണ പ്രവൃത്തികൾ പൂർണ്ണതോതിൽ നടന്നുവരികയാണ്. |
| (ബി) | പ്രസ്തുത കെട്ടിടം മ്യൂസിയം ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പുരാവസ്തു വകുപ്പിന് കോഴിക്കോട് പഴയ കോർപ്പറേഷൻ കെട്ടിടത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് 16.03.2024 തീയതിയിലെ EG12-89010/23 നമ്പർ കത്ത് പ്രകാരം താഴെ പറയുന്ന നിബന്ധനകളോടെ പുരാവസ്തു വകുപ്പിന് പെർമിസീവ് സാങ്ഷൻ കോഴിക്കോട് കോർപ്പറേഷൻ നൽകിയിട്ടുണ്ട്.<br><br>• കോഴിക്കോട് കോർപ്പറേഷന്റെയും പുരാവസ്തു വകുപ്പിന്റെയും സംയുക്ത പദ്ധതിയായിട്ടായിരിക്കണം ഈ പദ്ധതി നടപ്പിലാക്കേണ്ടത്.<br>• മ്യൂസിയം ഡിസൈൻ ഉൾപ്പെടെയുള്ള അനുബന്ധ വിഷയങ്ങൾ കോഴിക്കോട് കോർപ്പറേഷന്റെയും പുരാവസ്തു വകുപ്പിന്റെയും കൂടി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച്കൊണ്ട് കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.<br><br>ഇതിന്മേൽ സ്പഷ്ടീകരണം 21.06.2024 ലെ കത്തിലൂടെ പുരാവസ്തു വകുപ്പ് ഡയറക്ടർ ആരാഞ്ഞിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ